CEIA/1537/2026-IC6

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം
തീയതി : 27-10-2026

നോട്ടീസ്

വിഷയം: - ജലസേചനം – ജീവനക്കാര്യം – ശ്രീമതി.ബസുന ബാലകൃഷ്ണൻ അസിസ്റ്റന്റ് എഞ്ചിനീയറെ 31.12.2023 വരെയുള്ള സിവിൽ വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ അന്തിമ മൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന :- 1) 22-11-2024 തീയതിയിലെ IC6-3461/2024 നമ്പർ ഉത്തരവ്

2) 22/6/2026 തീയതിയിലെ ഇറിഗേഷൻ സെൻട്രൽ സർക്കിൾ തൃശ്ശൂർ , സൂപ്രണ്ടിങ് എഞ്ചിനീയരുടെ കാര്യാലയത്തിലെ കത്ത് നമ്പർ ICC--TSR0TSR/644/2026-E2

ജലസേചന വകുപ്പിലെ സിവിൽ വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ 31-12-2023 വരെയുള്ള അന്തിമ മൻഗണന പട്ടിക സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ചതിൽ ശ്രീമതി.ബസുന ബാലകൃഷ്ണൻ എന്നിവരുടെ പേര് കൂടി ഉൾപ്പെടുത്തുന്നതിനായി സൂചന (2) പ്രകാരം ടിയാൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എറണാകുളം ജില്ലാ പബ്ലിക് സർവീസ് കമ്മീഷന്റെ 2/8/2023 തീയതിയിലെ RE IV(3) 342246/2020 നിയമന ശുപാർശയുടെയും 7/10/2023 തീയതിയിലെ ഈ കാര്യാലയത്തിലെ CEIA/4464/2023-A3 നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 19/10/2023 ൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി.ബസുന ബാലകൃഷ്ണൻറെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും ടിയാളുടെ അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

ആയതിനാൽ 22-11-2024 തീയതിയിലെ IC6-3461/2024 നമ്പർ ഉത്തരവ് പ്രകാരമുള്ള അസിസ്റ്റന്റ് എൻജിനീയർമാരുടെ (സിവിൽ) 31-12-2023 വരെയുള്ള അന്തിമ മൻഗണന പട്ടികയിൽ A.Graduates ൽ ക്രമ നമ്പർ 344 അനുരാജ്.പി.ആർ(803103) നും ക്രമ നമ്പർ 345 ബിജേഷ്.കെ(649379) ക്കും മധ്യേ ക്രമ നമ്പർ 344(A) ആയി ശ്രിമതി. ബസുന ബാലകൃഷ്ണനെ (800346) ഉൾപ്പെടുത്തി ഉത്തരവാകുന്നതാണ്.

ഇതിന്മേൽ പരാതിയോ ആക്ഷേപമോ ഉള്ളവർ വസ്തുത തെളിയിക്കുവാൻ മേലധികാരി സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ഈ നോട്ടീസ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. ടി തിയതിക്കുള്ളിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചില്ലായെങ്കിൽ ശ്രീമതി. ബസുന ബാലകൃഷ്ണന്റെ പേര് പ്രസ്തുത മൻഗണനാ പട്ടികയിൽ ക്രമനമ്പർ 344(A) ആയി ഉൾപെടുത്തുന്നതാണ്.

Digitally signed by Sreedevi P
Date: 27-10-2026 06:15:37

വിശ്വസ്തതയോടെ

ചീഫ് എഞ്ചിനീയർ

പകർപ്പ്:-
1. ശ്രീമതി.ബസുന ബാലകൃഷ്ണൻ,അസിസ്റ്റന്റ് എൻജിനീയർ
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.ടി.സെൽ(നോട്ടീസ്

വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

3. ചീരക്കുഴി ഇറിഗേഷൻ പ്രോജക്ട് സബ് ഡിവിഷൻ, പഴയന്നൂർ